ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ശ്രീ. എൻ. കെ. ശേഷൻ .....

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഞാൻ ചോദിച്ച ചോദ്യത്തിനുത്തരം കിട്ടിയിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ചോദ്യമല്ലല്ലോ ചോദിച്ചത്. പ്രസ്താവന ചെയ്യുകയല്ലേ ചെയ്തത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഞാൻ ചോദിച്ചത് ചോദ്യം തന്നെയാണ്. കുറ്റാന്വേഷണം വേണ്ടപോലെ നടക്കാത്തതിന്റെ ഫലമായി എം. എൽ. എ. ക്വാർട്ടേഴ്സിൽനിന്നും ഇന്നാരുടെ ഇന്നാരുടെ എല്ലാം മുതൽ കട്ടുകൊണ്ടുപോയിയെന്നും അതിനെസംബന്ധിച്ച് പോലീസ് മന്ത്രിയോ മറ്റേതെങ്കിലും മന്ത്രിമാരോ അന്വേഷിച്ച് വേണ്ട നടപടികൾ എടുക്കുമോയെന്നുമാണ് ഞാൻ ചോദിച്ചത് ?

ശ്രീ. എം. കെ. കൃഷ്ണൻ: എം. എൽ. എ. ക്വാർട്ടേഴ്സിൽ ഉണ്ടായ സംഗതികളെസംബന്ധിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. കെ. ശേഷൻ: ഗ്രഡേഷൻ ലിസ്റ്റു അനുസരിച്ച് ഡി. എസ്. പി. യായിരുന്ന സൈമൺ മാഞ്ഞൂരാനെ ഡി. ഐ. ജി. യായി പ്രമോട്ടുചെയ്യാൻ സാധിക്കുകയില്ലെന്നു പറയുകയുണ്ടായി. എന്നാൽ ഇപ്പോൾ അദ്ദേഹത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ സെക്യൂരിറ്റി ഓഫീസറായി നിയമിച്ചിരിക്കുകയാണെന്നും പറഞ്ഞു. ഈ പോസ്റ്റു അദ്ദേഹത്തിന് അർഹതയുള്ള ഗ്രേഡിൽനിന്നും ഉയർന്നതാണോ താഴ്ന്നതാണോ ?

ശ്രീമതി കെ. ആർ. ഗൗരി: ഗ്രേഡൊന്നും കൂടിയിട്ടില്ല. അലവൻസിൽ എന്തോ കൂട്ടി കൊടുത്തിട്ടുണ്ട്.

പൊതുമേഖലാവ്യവസായങ്ങൾ

*281 [991] ശ്രീ. പി. പി. വിൽസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പൊതുമേഖലാവ്യവസായങ്ങളുടെ നടത്തിപ്പിനെപ്പറ്റി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമിച്ചിരുന്ന കൃഷ്ണപിള്ള കമ്മീഷൻ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെൻറ് എന്തു നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത റിപ്പോർട്ട് അംഗങ്ങളുടെ അറിവിനായി വിതരണം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്): (എ) പൊതുമേഖലയിൽ വ്യവസായങ്ങളുടെ നടത്തിപ്പിനെപ്പറ്റി പരിശോധിക്കുന്നതിനു വേണ്ടിയായിരുന്നില്ല കൃഷ്ണപിള്ള കമ്മീഷനെ നിയമിച്ചത്. ഗവൺമെൻറ് ഉടമയിലുള്ള കമ്പനികളിലെ സ്റ്റാഫിന്റെ സേവനവ്യവസ്ഥയും ശമ്പളവും

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നതും ഏകീകരിക്കുന്നതിന് വ്യവസ്ഥചെയ്യുന്നതിനു വേണ്ടി യാണ് കൃഷ്ണപിള്ള കമ്മീഷനെ നിയമിച്ചിട്ടുള്ളത്.

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിക്ക സ്ഥാപനങ്ങളി ലേയും മാനേജുമെന്റും തൊഴിലാളികളും തമ്മിലുള്ള ദീർഘകാല കരാർ ഒപ്പുവച്ചിട്ടുണ്ട്.

(സി) സ്വീകരിക്കാം.

ശ്രീ. കെ. എ. ശിവരാമഭാരതി: കൃഷ്ണപിള്ള കമ്മീഷനെ നിയമി ച്ചത് വ്യവസായങ്ങളുടെ നടത്തിപ്പിനെസംബന്ധിച്ച് പരിശോധിക്കാന ല്ലെന്നു പറയുകയുണ്ടായി. പൊതുമേഖലയിലുള്ള വ്യവസായങ്ങളുടെ പ്രവർത്തനത്തെപ്പറ്റി പരിശോധിക്കുമ്പോൾ ഇങ്ങനെയൊരു കമ്മീഷനെ വച്ചു പരിശോധിക്കേണ്ടതു് ആവശ്യമാണെന്നുള്ളതുകൊണ്ട് വൈദഗ്ധ്യ മുള്ള ആളുകളെ വച്ച് അന്വേഷിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുമോ ?

ശ്രീ. ടി. വി. തോമസ്: എല്ലാ വ്യവസായങ്ങളുടെയും നടത്തിപ്പിനെ പ്പറ്റിയും വൈദഗ്ദ്ധ്യത്തെപ്പറ്റിയും ഒരാൾക്ക് കണ്ടുപിടിക്കാൻ പ്രയാസ മാണ്. വ്യവസായങ്ങളുടെ നടത്തിപ്പിനെപ്പറ്റിയും പ്രവർത്തനത്തെപ്പ റ്റിയും പരിശോധിക്കുന്നതിനുവേണ്ടിയും വിദഗ്ദ്ധൻമാരായ കമ്മീഷൻ മാരെ നിയമിക്കുകയും റിപ്പോർട്ടു വരുത്തുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നമ്മുടെ നിയമസഭയിൽ കഴിഞ്ഞ കൊല്ലം പബ്ലിക്ക് അണ്ടർടേക്കിംഗ്സ് എന്ന പേരോടുകൂടിയ ഒരു കമ്മിറ്റി കാൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ട്. ആ കമ്മിറ്റി വ്യവസായ ങ്ങളെസംബന്ധിച്ച് പരിശോധിച്ച് എങ്ങനെയാണ് പ്രവർത്തിക്കേണ്ട തെന്നും വ്യവസായം എങ്ങിനെയാണ് ലാഭകരമായി നടത്തേണ്ടതെന്നുള്ള തിനെസംബന്ധിച്ചും വല്ല നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെ കിൽ അതിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: വ്യവസായങ്ങളുടെ സാമ്പത്തിക പ്രവർത്തന ത്തെപ്പറ്റിയും പെരുമാറ്റങ്ങളെപ്പറ്റിയും പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി അന്വേഷിച്ചു നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് എന്നുള്ള നിലയിൽ അതിന്റെ റിപ്പോർട്ട് അംഗീകരിക്കാൻ സാദ്ധ്യമല്ല.

ശ്രീ. കെ. കരുണാകരൻ: മാനേജുമെൻറിന്റെ പോരായ്മകൾ പരിഹ രിക്കുന്നതിനുവേണ്ടി വിദഗ്ദ്ധമായ കമ്മിറ്റികളെ നിയമിച്ച് റിപ്പോർട്ടു വരുത്തുകയോ വിദഗ്ദ്ധൻമാരുടെ അഭിപ്രായം തേടുകയോ ചെയ്തി ട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: മാനേജുമെൻറ് നീ ഓർഗനൈസ് ചെയ്യുന്ന തിനെപ്പറ്റി അഭിപ്രായം പറയുവാനുള്ള ആളുകളെ നിയമിച്ചിട്ടുണ്ട്. കൂടെക്കൂടി കാര്യമായി അന്വേഷണം നടത്തണമെന്ന് ഗവൺമെൻറിന് ആഗ്ര ഹമുണ്ട്. അതിന് ചിലയാളുകളുടെ മനസ്സിൽ വച്ചുകൊണ്ട് അവരു മായി ചർച്ചകൾ നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി: പൊതുമേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡിൽ തൊഴിലാളികൾക്ക് ആവശ്യമായ പങ്കാളിത്വം ഇല്ലാത്തതുകൊണ്ടാണ് പൊതുമേഖലയിലുള്ള വ്യവസായങ്ങളിൽ പോരായ്മ ഉണ്ടാകുന്നതെന്നുള്ള വസ്തുത കണക്കിലെടുത്ത്, അത്തരത്തിലുള്ള കുറവു നികത്തുന്നതിനുവേണ്ടി തൊഴിലാളികൾക്കുകൂടി ആവശ്യമായ പങ്കാളിത്വം കൊടുക്കുന്നതിനാവശ്യമായ നടപടികളെടുക്കുമോ ?

ശ്രീ. ടി. വി. തോമസ്: തൊഴിലാളികൾക്ക് ആവശ്യമായ പങ്കാളിത്വം നൽകാത്തതുകൊണ്ടാണ് തകരാറുകൾ വരുന്നത് എന്ന് പറയുന്നത് ശരിയല്ല. തൊഴിലാളികൾക്ക് ആവശ്യമായ പങ്കാളിത്വം കൊടുക്കുന്നതിന് പ്രായോഗികമായ ചില ബുദ്ധിമുട്ടുകളെല്ലാം ഉണ്ട്. ജോയിന്റ് സ്റ്റാക്ക് കമ്പനികളിലെ ഡയറക്ടർ ബോർഡിലാണെങ്കിൽ ഷെയർ ഇല്ലാത്തവരെ നോമിനേറ്റു ചെയ്യാൻ പാടില്ലെന്നു വ്യവസ്ത ചെയ്തിട്ടുണ്ട്. പിന്നെ ചില കമ്പനികളിലാണെങ്കിൽ എട്ടോ പത്തോ യൂണിയനിൽ പെട്ട തൊഴിലാളികളായിരിക്കും ഉണ്ടായിരിക്കുക. അങ്ങനെ വരുമ്പോൾ അതിൽ ഏതു യൂണിയനിൽപ്പെട്ടവരെയാണ് അയക്കേണ്ടത് എന്നുള്ളതിനെപ്പറ്റി തീരുമാനിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകും. ഏതായാലും ഇക്കാര്യത്തെപ്പറ്റി ഗവൺമെന്റു ഗൗരവമായി ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിൽ ഒരു പോളിസി സ്റ്റേറ്റുമെന്റ് എന്നുള്ള നിലയിൽ ഗവൺമെന്റിന്റെ അഭിപ്രായം ഉണ്ടാകും.

ശ്രീ. കെ. എം. ജോർജ്: പൊതുമേഖലയിലുള്ള വ്യവസായങ്ങൾ എങ്ങിനെയാണ് ലാഭകരമായി നടത്തേണ്ടതെന്നുള്ളതിനെ സംബന്ധിച്ചും, അതിലെ പ്രൊഡക്ഷനെ സംബന്ധിച്ചും മാർക്കറ്റിംഗിനെ സംബന്ധിച്ചുമെല്ലാംതന്നെ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തേണ്ടതെന്ന് കണക്കിലെടുത്ത് ആവശ്യമായ വ്യതിയാനം ഈ രംഗത്തു വരുത്താൻ ശ്രമിക്കുമോ ?

ശ്രീ. ടി. വി. തോമസ്: മാനേജുമെന്റ് റീ ഓർഗനൈസ് ചെയ്യുന്നതിന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പ്രൊഡക്ഷൻ സൈഡിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് വിദഗ്ദ്ധാഭിപ്രായം തേടിയിട്ടുണ്ട്. അതിനാവശ്യമായ റിപ്പോർട്ടു വരുത്തിയിട്ടുണ്ട്. അതിൽ ചിലതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ കൂടുതലായി എന്തുചെയ്യണമെന്നുള്ളതിനെപ്പറ്റി ആലോചിക്കാം. ഈ ഡിപ്പാർട്ടുമെന്റിൽ ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ഉപദേശങ്ങൾ നൽകുന്നതിന് ഈ സഭയിലെ എല്ലാ കക്ഷികളിലുംപെട്ട ബഹുമാനപ്പെട്ട മെമ്പർമാർ ഉൾപ്പെട്ട കൺസൾട്ടേറ്റീവ് കമ്മിറ്റിയുണ്ട്.

ശ്രീ. കെ. ഐ. രാജൻ: സാധാരണ ഒരു വ്യവസായശാലയിൽ തൊഴിൽ തർക്കം ഉണ്ടാകുമ്പോൾ അവിടെയുള്ള തൊഴിലാളികൾ പണിമുടക്കും. അങ്ങനെ തൊഴിലാളികൾ പണിമുടക്കുമ്പോൾ വ്യവസായശാല ലോക്കൗട്ട് ചെയ്യുന്ന ഏർപ്പാട് ശരിയാണോ ? അതൊരു നയമായി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: അതിൽ പരാതിപ്പെടാൻ എന്താണുള്ളത്, മുപ്പതു കൊല്ലത്തെ പരിചയം എനിക്ക് ഈ രംഗത്തുണ്ട്. തൊഴിലാളികൾ പണിമുടക്കിയിരിക്കുന്ന അവസരത്തിൽ വ്യവസായശാല ലോക്കൗട്ട് ചെയ്തതുകൊണ്ട് എന്താണ് തകരാറ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: ലോകസഭാ എസ്റ്റിമേറ്റു കമ്മിറ്റിയും സംസ്ഥാനത്തിലെ എസ്റ്റിമേറ്റു കമ്മിറ്റിയും പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ടു തന്നിട്ടുള്ളതിൽ വ്യവസായസ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡിൽ ഉദ്യോഗസ്ഥ മെമ്പറൻമാരുടെ എണ്ണം കൂടുതലാണെന്നും, ഒരു ഉദ്യോഗസ്ഥൻ തന്നെ പല കമ്പനികളിലേയും ഡയറക്ടർ ആയിരിക്കുന്നതുകൊണ്ട് അതിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നും ഉള്ള കാര്യങ്ങൾ കണക്കിലെടുത്തു ഉദ്യോഗസ്ഥൻമാരുടെ പ്രാതിനിദ്ധ്യം കുറച്ചിട്ട് അനുദ്യോഗസ്ഥമെമ്പറൻമാരുടേയും വിദഗ്ദ്ധ മെമ്പറൻമാരുടെയും എണ്ണം കൂട്ടി ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അക്കാര്യം ഗവൺമെന്റിന്റെ പ്രശ്നയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: ആ നിർദ്ദേശം ഗവൺമെന്റിന്റെ പ്രശ്നയിൽപ്പെട്ടിട്ടുണ്ട്. അത് പൂർണ്ണമായി ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഗവൺമെന്റ് പുതിയതായി സംഘടിപ്പിക്കുന്ന ഡയറക്ടർ ബോർഡിൽ അനുദ്യോഗസ്ഥൻമാർക്ക് പ്രാതിനിദ്ധ്യം കൂടുതൽ കൊടുക്കുന്നത്.

ശ്രീ. കെ. ടി. ജോർജ്: സ്വകാര്യമേഖലയിലുള്ള പല വ്യവസായ സ്ഥാപനങ്ങളിലും ലാഭം ഉണ്ടാകുകയും അതേസമയം പൊതുമേഖലയിൽ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളിലെല്ലാം തന്നെ നഷ്ടം ഉണ്ടാകുകയും ചെയ്യുന്നതിന്റെ കാരണം എന്താണെന്നന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: അതിനെപ്പറ്റി ഈ അവസരത്തിൽ ചർച്ച ചെയ്യുന്നത് ശരിയാണെന്നു തോന്നുന്നില്ല. പൊതുമേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങൾ സംവിധാനം ചെയ്തിട്ടുള്ള തകരാറ് മൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. പൊതുമേഖലാ സ്ഥാപനത്തിൽ ചെല്ലുന്ന ഒരു ഉദ്യോഗസ്ഥൻ മനോധർമ്മമനുസരിച്ച് പ്രവർത്തിക്കുന്നതിനു ഫൈനാൻഷ്യൽ അക്കൗണ്ട്സ് കോഡിലെ ചില വ്യവസ്ഥകൾ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇതിലെ സങ്കീർണ്ണമായ പ്രശ്നങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാമെന്നുള്ളതുകൊണ്ട് ഞാൻ കൂടുതലായി ഒന്നുംതന്നെ പറയുന്നില്ല.

ശ്രീ. വി. വി. കുഞ്ഞമ്പു: പൊതുമേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായസ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടോ, ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് പറയാമോ ?

ശ്രീ. ടി. വി. തോമസ്: ഇക്കാര്യത്തെപ്പറ്റി ഇതിനു മുമ്പു പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്. ഇനിയും അതിനെപ്പറ്റി പറയാനുള്ള അവസരം ഉണ്ട്. അല്ലാതെ ഇപ്പോൾ ഈ അവസരത്തിൽ ഇതിനെപ്പറ്റി ചോദിച്ചാൽ പറയുന്നതിന് ബുദ്ധിമുട്ടുണ്ട്.

വനഭൂമി

* 282 [992] ശ്രീ. എം. എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൊത്തം എത്ര ഏക്കർ വനഭൂമി കൃഷിക്കായി വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു;